# പതിമൂന്നാം കേരള നിയമസഭ
# പതിനാലാം സമ്മേളനം

**നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നമ്പർ: 2932** — **13-07-2015- ൽ മറുപടിക്ക്**

## വിഴിഞ്ഞം തുറമുഖ പദ്ധതിക്കുവേണ്ടി ഭൂമി ഏറ്റെടുക്കൽ

| ചോദ്യം | മറുപടി |
|---|---|
| ശ്രീ. ഇ.പി.ജയരാജൻ : | ശ്രീ. കെ.ബാബു (മത്സ്യബന്ധനവും തുറമുഖവും എക്സൈസും വകുപ്പു മന്ത്രി) |
| (എ) വിഴിഞ്ഞം തുറമുഖ പദ്ധതിക്കു വേണ്ടി ആകെ എത്ര ഭൂമി ഏറ്റെടുക്കുവാനാണ് വിജ്ഞാപനം ചെയ്തത് എന്ന് വ്യക്തമാക്കുമോ; | (എ) വിഴിഞ്ഞം അന്താരാഷ്ട്ര തുറമുഖ പദ്ധതിക്കു വേണ്ടി 297.03.157 ഏക്കർ ഭൂമി ഏറ്റെടുക്കുവാനാണ് നാളിതുവരെ വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്. |
| (ബി) ഭൂമി ഏറ്റെടുക്കുന്നതിനായി എത്ര ഘട്ടമായി വിജ്ഞാപനം പുറപ്പെടുവിക്കുകയുണ്ടായിട്ടുണ്ടെന്നും ഓരോ വിജ്ഞാപനവും പുറപ്പെടുവിച്ചതെന്നാണെന്നും വ്യക്തമാക്കുമോ; | (ബി) രണ്ട് ഘട്ടങ്ങളിലായാണ് വിജ്ഞാപനം പുറപ്പെടുവിച്ചിട്ടുള്ളത്.<br>ഒന്ന് – 12/03/2010 ൽ<br>രണ്ട് – 28/07/2010 ൽ |
| (സി) ഓരോ വിജ്ഞാപന പ്രകാരവും ഇതിനോടകം എത്ര ഭൂമി ഏറ്റെടുക്കുകയുണ്ടായെന്നും ആകെ എത്ര നഷ്ടപരിഹാരം നൽകുകയുണ്ടായെന്നും വ്യക്തമാക്കുമോ; | (സി) ഒന്നാം ഘട്ടത്തിലെ വിജ്ഞാപന പ്രകാരമുള്ളതിൽ നിന്നും 108.55.910 ഏക്കർ ഏറ്റെടുത്തു.<br>രണ്ടാം ഘട്ടത്തിൽപ്പെട്ടതിൽ നിന്നും 98.31.516 ഏക്കർ ഏറ്റെടുത്തു.<br>ആകെ നൽകിയ നഷ്ടപരിഹാരം 524,41,70,138/- രൂപ. |
| (ഡി) വിഴിഞ്ഞം തുറമുഖ പദ്ധതിക്കു വേണ്ടി 2011 മെയ് മാസത്തിനു ശേഷം ആകെ എത്ര ഭൂമി ഏറ്റെടുത്തുവെന്നും എത്ര തുക നഷ്ടപരിഹാരമായി നൽകുകയുണ്ടായെന്നും വ്യക്തമാക്കുമോ? | (ഡി) 2011 മെയ് മാസത്തിനുശേഷം 172.31.896 ഏക്കർ ഭൂമി ഏറ്റെടുത്തു. 430,08,38,712/- രൂപ നഷ്ടപരിഹാരമായി നൽകുകയുണ്ടായി. |

സെക്ഷൻ ഓഫീസർ